(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ നിന്ന് ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പ് അദ്ധ്യയന വർഷം തന്നെ ഷിഫ്റ്റ് സമ്പ്രദായം അവശേഷിക്കുന്ന സ്കൂളുകളിൽ അത് അവസാനിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 189 സ്കൂളുകൾ. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെട്ടിട സൗകര്യം ഇല്ലാത്തതുകൊണ്ടും പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടുമാണ് ഷിഫ്റ്റ് ഏർപ്പെടുത്തി പഠനം നടത്തേണ്ടിവരുന്നത്.

(സി) 8 സ്കൂളുകളിൽ നിന്ന് ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കിയിട്ടുണ്ട്.

(ഡി) 4-6-2010-ലെ ജി.ഒ.(എം.എസ്) നമ്പർ. 92/10/പൊ.വി. പ്രകാരം ഘട്ടംഘട്ടമായി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

17 (3763) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിൽ അംഗങ്ങളാകുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി) ഒരു വിദ്യാർത്ഥിയെ സ്റ്റുഡന്റ് പോലീസ് കേഡറ്റിലേക്ക് തെരഞ്ഞെടുക്കുന്നതിന് വേണ്ട യോഗ്യതകൾ താഴെ പറയുന്നവയാണ്.

1. തൊട്ടു മുമ്പുള്ള വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് സി പ്ലസ് ഗ്രേഡ് (50%) നേടിയിരിക്കണം.

2. നിശ്ചിത ശാരീരിക യോഗ്യത ഉണ്ടാകുകയും വൈദ്യ പരിശോധനയിൽ അയോഗ്യത കൽപ്പിക്കാതിരിക്കുകയും വേണം.

3. പ്രധാന അദ്ധ്യാപകൻ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റും രക്ഷകർത്താവിന്റെ സമ്മതപത്രവും ഉണ്ടാകണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly